കണ്ടത് പറഞ്ഞാൽ...

**ഡേവിസ് വളർക്കാവ്** എഴുതുന്ന പംക്തി

# പുലിക്കളിയും പുലിക്കെട്ടും

**അധഃസ്ഥിതന്റെ** പ്രതിഷേധാവിഷ്കാരങ്ങളാണ് പല നാടൻ കലകളും. ജാതിമേധാവിത്വത്തെ നേരിട്ടെതിർത്ത് തോൽപ്പിക്കാനാവത്ത സ്ഥിതിയിൽ ഇവർ പാട്ടിലൂടെ, കലകളിലൂടെ അതിനെ പരിഹസിച്ചു. കാളകളി തന്നെയെടുക്കാം. എന്റെ കാള മണിക്കാളയാണെന്നും അതിനോടൊപ്പം നിൽക്കാൻ തമ്പ്രാന്റെ കാളക്കാകില്ലെന്നും, ആരാണ് തന്റെ കാളയുടെ മേലെ കയറുന്നതെന്നും, വേണ്ടട്ടാ... എന്ന ഓർമ്മപ്പെടുത്തലുമുള്ള നാട്ടുപാട്ട് കാളകെട്ടിലുണ്ട്. ഇത്തരം ഒരു ശൈലിയാണ് പുലിക്കളിയിലും കാണാൻ കഴിയുന്നത്. ആനയും അമ്പാരിയുമുള്ള തമ്പ്രാന് മറുപടിയായി ആനയെക്കൊണ്ട് അടിയാളന് കലാരൂപം മെനയാനാകില്ലല്ലോ. അതിനാൽ പുലിയെ ശരണം പ്രാപിച്ചു. പുലിവാഹകനായ അയ്യനും ഇവർക്ക് സുപരിചിതനാണല്ലോ. പുലിവേഷം കെട്ടി, രൗദ്രഭാവം സ്വീകരിച്ച്, അടുക്കേണ്ട...കടിച്ചുകീറും എന്ന് ധ്വനിപ്പിച്ച് രൂപം നൽകിയതാണ് പുലിക്കളി. ഇതുവെറും കളിയോ തമാശയോ അല്ല. പ്രതിഷേധ കലയുടെ ആവിഷ്കാരമാണ്.

കൈകൊട്ടിക്കളി, തിരുവാതിരക്കളി ഇവയെല്ലാം കളിയും ചിരിയുമാണ്. പുലിയിൽ സംഭവിക്കുന്നത് ആത്മവേദനയുടെ കുടയലുകളാണ്. സവർണ്ണകലകൾ എന്നും അധഃസ്ഥിത കലകളെ കളിയാക്കിയിട്ടേയുള്ളൂ. കാളകെട്ടിനെ കാളകളിയാക്കി പ്രചരിപ്പിച്ചു. പുലിക്കെട്ടിനെ പുലിക്കളിയാക്കി. കഥയറിയാതെ നാം ആട്ടം കണ്ടുകൊണ്ടേയിരിക്കുന്നു.

40 വർഷങ്ങൾക്കുമുമ്പ് വളർക്കാവ് പ്രദേശത്ത് ഞങ്ങൾ കുട്ടികൾ പുലിവേഷം അണിയാറുണ്ട്. വെറും വേഷം കെട്ട്. തമിഴ്നാട് കുങ്കുമം വാങ്ങി ദേഹമാസകലും പൂശി, മീശവരച്ച് തകരപ്പാട്ടയിൽ ഡഹഡ ഡഹഡഗ ഡഗഡ ഡഗഡഗ എന്ന താളത്തിൽക്കൊട്ടി "പുലിക്കെട്ടും പനം തേങ്ങം" എന്ന വായ്ത്താരയുമായി വീടുകളിൽ പോയി ചില്ലറ വാങ്ങിയിരുന്നത് ഓർമ്മയിലുണ്ട്. അന്ന് പുലി വരുന്നേ എന്നേ നാട്ടുകാർ പറയാറുള്ളൂ. പുലിക്കളി വരുന്നേ എന്ന് പറയാറില്ല. ഞങ്ങളോ 'പുലിക്കെട്ട്' എന്നാണ് വായ്ത്താരി ഇട്ടിരുന്നതും.

തേക്കിൻകാട്ടിൽ നിന്നും പുലിയറങ്ങിയതിന്റെ പേരിലൊന്നുമല്ല പുലിക്കളി ഉണ്ടായത്. പുലിയെ മെരുക്കുന്നവനും പുലിവാഹനനുമെല്ലാം അതിന് മുന്നേ ഉണ്ടായിരുന്നു. അന്ന് കാലത്ത് പുലിയിറങ്ങാറില്ല. അതിന് അതിന്റെ ആവാസവ്യവസ്ഥ ഭദ്രമായി ഉണ്ടായിരുന്നു. ഇന്ന് ഭക്ഷണത്തിന് വേണ്ടി അത് നാട്ടിലേക്ക് ഇറങ്ങിക്കൊണ്ടിരിക്കുകയാണ്. പത്രങ്ങളിൽ അത്തരം വാർത്തകൾ പതിവാണ്. പുലിമടയിലേക്ക് എന്ന് മലയാളത്തിൽ പദം തന്നെ രൂപപ്പെട്ടത് നരി കാട്ടിലേക്കല്ല, നാട്ടുകാർ കാട്ടിലേക്കാണ് കയറിയതെന്ന് പറഞ്ഞുതരുന്നുണ്ട്.

അയിത്താചരണം നിലനിന്നിരുന്ന കാലത്ത് വടക്കുംനാഥനെ കോട്ടപ്പുറത്തോ പടിഞ്ഞാറെക്കോട്ടയിലോ നിന്നുവേണം തൊഴാൻ. അവിടെ നിന്നാണ് നടുവിലാൽ വരെ എത്തിയത്. അവിടെ തേങ്ങയുടച്ചാണ് പ്രദക്ഷിണ വഴിയിലൂടെ ഒരു കലാരൂപത്തിലൂടെ പുലിപ്പട നിശബ്ദമായി കടന്നുകയറിയത്. ഈ പുലികളിൽ മിക്കവരും നഗരത്തിന്റെ ചുറ്റമുള്ള ദലിത് കോളനികളിൽ നിന്നുള്ളവരായിരുന്നു. പിന്നീട് കായക്ലേശം സഹിച്ചിരുന്ന കരുമാടിക്കുട്ടന്മാരും കൂലിവേലക്കാരും റിക്ഷാക്കാരും കമ്മട്ടിപ്പാടങ്ങളും... പുലിക്കളി വരുന്ന സംഘങ്ങളിൽ പുലികളാകുന്നവർ ആരാണെന്ന് ശ്രദ്ധിച്ചാൽ ഇത് വ്യക്തമാകും. ദിവസങ്ങളോളം വിശ്രമമില്ലാതെ, ചായംതേച്ച ദേഹത്തിന്റെ വലിച്ചിലുമായി മണിക്കൂറുകളോളം നടന്ന് കാണികളെ വിരട്ടിയും രസിപ്പിച്ചും കടന്നുപോകുന്ന പുലികളാകാൻ മണ്ണിന്റെ മക്കളായിരുന്നവർക്കേ കഴിയൂ. പിന്നെ കായികാധ്വാനികൾക്കും.

ഓരോകാലത്തും ശ്രദ്ധേയരായിരുന്ന ചില പുലി തലവന്മാരുണ്ട്. ഇവർ കൊഴിഞ്ഞുപോകുന്നത് ആരും ശ്രദ്ധിക്കാറില്ല. മാദ്ധ്യമങ്ങൾക്ക് 'ലൈവ്' മതിയല്ലോ. അഞ്ചേരിച്ചിറ കള്ളുഷാപ്പിൽ കറിക്കച്ചവടം നടത്തിവരുന്ന ശ്രീധരേട്ടൻ (ഈയിടെ അന്തരിച്ച സിനിമാനടൻ ബാലകൃഷ്ണന്റെ തനി പകർപ്പ്) പുലിവേഷം കെട്ടിയാൽ പുലിച്ചന്തത്താൽ ആനച്ചന്തം മാറിനിൽക്കുമായിരുന്നു. മഞ്ചൽപോലെ നാലാളുകൾ തോളിൽ വച്ച ഉലക്കയിൽ കയറിനിന്ന് ശ്രീധരേട്ടന്റെ നടനമുണ്ട്. അരമണി കിലുക്കി, കുടവയർ കുലുക്കി, കൊട്ടിനൊപ്പം കൈകൾ ചലിപ്പിച്ച് ശ്രീധരേട്ടൻ മഞ്ചലിൽ എഴുന്നെള്ളുന്നത് കാണാൻ ഞങ്ങൾ കുട്ടികൾ മുന്നിൽ സ്ഥലം പിടിക്കുമായിരുന്നു. ഇദ്ദേഹത്തെപ്പോലെ എത്രയോ പേർക്ക് ഇന്ന് സ്മൃതിനാശം വന്നിരിക്കുന്നു.

അന്നൊക്കെ ധൈര്യമുള്ളവർ മാത്രമേ പുലിക്കെട്ട് കാണാൻ എത്തിയിരുന്നുള്ളൂ. സ്ത്രീകൾ വളരെ കുറവായിരിക്കും. കുട്ടികളെ പുലികൾ നന്നായി വിരട്ടും. ഇന്നിപ്പോൾ പുലികളും 'സാത്വികർ' ആയി. ഇപ്പോൾ തൃശൂരിൽ നടക്കുന്നത് പുലിക്കളിയല്ല, ടാബ്ലോക്കളിയാണ്. പുലിക്കെട്ടിൽ സമീപകാലത്ത് കയറിക്കൂടിയ വില്ലനാണ് ടാബ്ലോ. പുലിക്കളിയെ മതപരമായ ആഘോഷമാക്കി മാറ്റാൻ ശ്രമിക്കുന്നവരുടെ തന്ത്രവും ഇതിന് പിന്നിലുണ്ട്. പുരാണകഥാ പാത്രങ്ങളും മേമ്പൊടിക്ക് സാമൂഹിക വിഷയങ്ങളും കൂട്ടിച്ചേർത്ത് ടാബ്ലോ സംസ്കാരം കടന്നുകൂടുന്നു. അങ്ങനെ പുലിക്കെട്ടിന്റെ നിറം മങ്ങിത്തുടങ്ങി. പുലികൾ ഈ കെട്ടുകാഴ്ചയുടെ അനുബന്ധങ്ങളായി മാറി. പുലിക്കെട്ടായിരുന്നപ്പോൾ സന്ധ്യാനേരത്ത് അവസാനിച്ചിരുന്ന കളി ഇപ്പോൾ രാത്രിയിൽ ഏറെ വൈകിയാണ് കഴിയുന്നത്. വൈദ്യുതിയിൽ അലങ്കരിച്ച നിശ്ചലദൃശ്യങ്ങൾ ഇരുട്ടിലാണല്ലോ ഏറെ ആസ്വാദ്യകരം! സ്വന്തം വാഹനമില്ലാത്തവർക്ക് പുലികളി കാണാൻ കഴിയാത്ത സ്ഥിതി വന്നു. ടി.വിയിൽ 'ലൈവ്' ഉണ്ടല്ലോ, വീടിനകത്തെ പുലിക്കളി. പത്രങ്ങളുടെ ഉത്സാഹവും കോർപ്പറേഷൻ വക സമ്മാനവും കൂടിച്ചേർന്നപ്പോൾ പുലിക്കളിക്ക് നല്ലകാലമായി, പുലിക്കെട്ട് വിസ്മരിക്കപ്പെട്ടു. ■